OFFICERS WHO HAVE COMPLETED 25 YEARS OF SERVICE

*2420. [48] **Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state.—

(*a*) what according to Government will be the total number of officers who have completed 25 years of service;

(*b*) whether the Government propose to compulsorily retire them; and

(*c*) whether any exemption will be granted to any particular individual from such retirement?

The Honble Sri. T. K. Narayana Pillai:

ഇതിന്റെ പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടില്ല.

T. B. HOSPITAL, NAGERCOIL

*2421. [49] **Sri. R. K. Ram:** Will the Hon'ble Minister for Health and Power be pleased to state.—

(*a*) whether it is a fact that there are not sufficient number of latrines in the T. B. Hospital at Nagercoil;

(*b*) whether any representation has been received for the construction of more latrines; and

(*c*) if so, what action have Government taken on such representation?

The Hon'ble Sri. A. J. John:

(*a*) There are sufficient number of latrines in the T. B. Hospital at Nagercoil.

(*b*) No representation has been received.

(*c*) Does not arise.

ஸ்ரீ. எ. சிதம்பாநாத நாடார்: நாகர்கோவில் T. B. Hospital-லிலிருந்து சிகிச்சை முடிந்து திரும்பியவர்களில் எம். என். கோவிந்தன் நாயரைத்தவிர வேறு யாராவதுண்டா?

ബഹു. ശ്രീ. എ. ജെ. ജാൺ: കണക്കുപ്പേർ തിരിയെ പോയിട്ടുള്ളതായി അറിയാം.

അദ്ധ്യാപകശമ്പളത്തിൽ ഐകരൂപ്യം

*൨൪൨. (൪൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും അദ്ധ്യാപക ശമ്പളസ്കെയിലിൽ ഐകരൂപ്യം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അങ്ങനെയൊക്കെ ശമ്പളനിരക്കിലും ഗ്രാന്റു സമ്പ്രദായത്തിലും ഐകരൂപ്യം വരുത്തുന്നപക്ഷം വിദ്യാഭ്യാസവകുപ്പിലേക്ക് ഐക്യസംസ്ഥാനത്തു എത്ര സംഖ്യ വേണ്ടിവരുമെന്നു പറയുമോ;

(സി) ഈവക ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും വേണ്ടപോംവഴികൾ കണ്ടുപിടിക്കുന്നതിനുമായി വിദ്യാഭ്യാസരംഗത്തു നല്ല തഴക്കവും പഴക്കവുമുള്ളവരെ ചേർത്തു് ഉടനടി ഒരു വിദ്യാഭ്യാസബോർഡ് രൂപീകരിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർവ്വീസ് സംയോജനത്തോടുകൂടി ഈ കാര്യങ്ങൾ തീർച്ചയായും പരിഗണിക്കുന്നതാണ്.

(ബി) ഐകരൂപ്യം വരുത്തുന്നതിന്റെ രീതി തീർച്ചയാക്കുന്നതിനുമുമ്പു് ആവശ്യമുള്ള തുക എത്രയാണെന്നു തീർച്ചയാക്കാൻ നിർവാഹമില്ല.

(സി) ഇതിനെക്കുറിച്ചാലോചിക്കാം.

എയിഡഡ് ലിസ്റ്റിലെ ക്ലാസുകൾ

*൨൪൩. (൪൧) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൪൯-ൽ കൊച്ചിയിൽ എത്ര പ്രൈമറി ക്ലാസുകളെ എയിഡഡ് ലിസ്റ്റിൽ ചേർത്തിട്ടുണ്ടു്; ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം ക്ലാസുകളാണവ;

(ബി) ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം ക്ലാസുകൾക്ക് ഇതിനകം എയിഡ് കൊടുത്തിട്ടുണ്ടു്;

(സി) ഇനി ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം ക്ലാസുകൾക്കാണു് സഹായധനം നൽകുവാനുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly